**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1415** 04-02-2019 -ൽ മറുപടിക്ക്

## പ്രളയകാലത്ത് ചങ്ങനാശ്ശേരി താലൂക്കിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ വിവരങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കഴിഞ്ഞ പ്രളയകാലത്ത് ചങ്ങനാശ്ശേരി താലൂക്കിൽ എത്ര വീടുകൾക്കാണ് പൂർണ്ണമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതെന്നും ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുള്ളതെന്നുമുള്ളതിന്റെ വിശദാംശം അറിയിക്കാമോ; | എ) | ചങ്ങനാശ്ശേരി താലൂക്കിൽ റവന്യൂ വകുപ്പ് മുഖാന്തിരം നടത്തിയ പരിശോധനയിൽ 59 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട് 1297 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. (15% - 690, 16-29% - 307, 30-59 % - 213, 60-74% - 87) |
| ബി) | നഷ്ടം സംഭവിച്ചവർക്കെല്ലാം സഹായധനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) & സി) | പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 59 കേസുകളിൽ സ്വന്തമായി വീട് വയ്ക്കുന്നതിന് സമ്മതപത്രം നൽകിയ 27 പേർക്ക് ഒന്നാം ഗഡുവും ഇവരിൽ 4 പേർക്ക് രണ്ടാം ഗഡു ധനസഹായവും അനുവദിച്ചിട്ടുണ്ട്. Care home പദ്ധതിയിൽ ഉൾപ്പെട്ട 10 പേരിൽ 9 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഭാഗികമായി തകർന്ന 788 വീടുകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അടിയന്തിമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇനിയും സഹായധനം നൽകുവാനുണ്ടെങ്കിൽ എത്രയും പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ